പരീക്ഷ - വളരെ അടിയന്തിരം

നം: ഇ.എക്സ്.എ1/71432/2012/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം- 695 012
തീയതി: 22/11/2012

## സർക്കുലർ

വിഷയം: എസ്.എസ്.എൽ.സി പരീക്ഷ - 2013 - സോഷ്യൽ സയൻസിലെ പാഠഭാഗങ്ങളെ -സംബന്ധിച്ച്.

സൂചന:

2012 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിലെ സോഷ്യൽ സയൻസ് ചോദ്യപേപ്പറിനെ സംബന്ധിച്ച് ചില ആക്ഷേപങ്ങൾ ഉണ്ടായി.. ആകെയുള്ള 80 സ്കോറിൽ 11 സ്കോറിനുള്ള ചോദ്യങ്ങൾ സിലബസ്സിനു പുറത്തു നിന്നായിരുന്നു എന്നതാണാക്ഷേപം. പാഠപുസ്തകത്തിൽ അധിക വിവരങ്ങളായി നൽകിയവ പരീക്ഷയ്ക്ക് ചോദിക്കില്ലായെന്ന് അദ്ധ്യാപകർക്കുള്ള കൈപുസ്തകത്തിലും പരിശീലന ക്ലാസ്സുകളിലും പറഞ്ഞിരുന്നുവെങ്കിലും ആ ഭാഗങ്ങളിൽ നിന്നും ചോദ്യങ്ങൾ ചോദിച്ചതായും ആക്ഷേപം ഉണ്ട്.

പാഠപുസ്തകത്തിൽ രണ്ടുതരം ബോക്സുകളിൽ കളറിൽ വിവരങ്ങൾ നൽകിയിട്ടുണ്ട്. കുട്ടിയുടേയോ, കുട്ടികളുടേയോ പടങ്ങളോടു കൂടിയ സൂചകങ്ങൾ ഉള്ള ബോക്സുകളും, സൂചകങ്ങളില്ലാത്ത ബോക്സുകളും. സൂചകങ്ങൾ ഉള്ള ബോക്സുകളിൽ കൊടുത്തിരിക്കുന്നത് ക്ലാസ്സുമുറിയിൽ ആശയ രൂപീകരണത്തിനുള്ള പ്രവർത്തന നിർദ്ദേശങ്ങളാണ്. ഇവയിൽ നിന്നും നിർബന്ധമായും പരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉണ്ടാകും. സൂചകങ്ങളില്ലാത്ത ബോക്സുകളിൽ നൽകിയിട്ടുള്ളത് അധിക വിവരങ്ങളാണ്. അധിക വിവരങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാവില്ല. ഇക്കാര്യങ്ങൾ സാമൂഹ്യശാസ്ത്രം- 1 പുസ്തകത്തിലെ പേജ് 7-ലും അദ്ധ്യാപക സഹായിയുടെ പേജ് 8-ലും പ്രസ്താവിച്ചിട്ടുണ്ട്.

ഇക്കാര്യങ്ങളിൽ ചില അദ്ധ്യാപകരിലെങ്കിലും ആശയ കുഴപ്പം നിലനിൽക്കുന്നു എന്നതായാണ് ഈ ആക്ഷേപങ്ങളിൽ നിന്നും മനസ്സിലാകുന്നത്. സൂചകങ്ങൾ ഉള്ള ബോക്സുകളിൽ കൊടുത്ത പ്രവർത്തന നിർദ്ദേശങ്ങളിൽ നിന്നുള്ള ചോദ്യങ്ങളാണ് സിലബസിനു പുറത്തുനിന്നുള്ള

ചോദ്യങ്ങളായി വിമർശനം വന്നത്. ഇതും അധിക വിവരങ്ങൾ എന്ന ധാരണയിൽ നിന്നാകും ഈ വിമർശനം വന്നത്.

അതുപോലെ സോഷ്യൽ സയൻസ് പാഠപുസ്തകങ്ങളിലെ ഏതാനും ഭാഗങ്ങൾ പൊതു പരീക്ഷയ്ക്ക് ഒഴിവാക്കുന്നുണ്ട് എന്ന ധാരണയും പലർക്കുമുണ്ട്.

ഈ സാഹചര്യത്തിൽ 10-ാം ക്ലാസ്സിലെ സോഷ്യൽ സയൻസ് പുസ്തകത്തിലെ കുട്ടികളുടെ പടങ്ങളോടുകൂടിയ സൂചകങ്ങൾ ഉള്ള ബോക്സുകളിൽ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ ക്ലാസ്സുമുറിയിൽ ആശയരൂപീകരണത്തിനുള്ള പ്രവർത്തന നിർദ്ദേശങ്ങളാണെന്നും അവയിൽ നിന്നും പരീക്ഷയ്ക്ക് നിർബന്ധമായും ചോദ്യങ്ങൾ ഉണ്ടാകുമെന്നും അറിയിക്കുന്നു.

കൂടാതെ സോഷ്യൽ സയൻസ് പാഠപുസ്തകങ്ങളിലെ എല്ലാ ഭാഗങ്ങളും പൊതു പരീക്ഷയ്ക്ക് ഉൾപ്പെടുത്തുന്നുണ്ട് എന്നും അറിയിക്കുന്നു.

എല്ലാ ഹൈസ്കൂളുകളിലും ഇക്കാര്യം അടിയന്തിരമായി അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.

22/11/12

സെക്രട്ടറി

എല്ലാ ഉപ വിദ്യാഭ്യാസ ഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും